⇨ സമാനതകളില്ലാത്ത ദുരിതത്തെപറ്റിയാണ് ഈ നോവലിൽ വിസ്തരിച്ച് വിവരിക്കുന്നത് ⇨

"ഈ സദെക്ക് ബത്ത്ണ ശ്രീരാമഗ്ള ബാക്കി മത്തെ രഗ്ള സ്വാഗത. ചീയോദ കൃഷി കർന സദെ ആത്തിപ്പൂണ്ടു. എനി മൂളു നടപ്പുണെം സുമാർ ദിനാന്ത് ഇൻച്ചിനെ ഒഞ്ച് സഭെ നടപ്പാവൗടുന്ത് യോജനെ മാർപ്പുണെ..."

ഇത് വായിച്ചിട്ട് ഒന്നും മനസ്സിലാകാത്തവരുണ്ടെങ്കിൽ അവർക്ക് തുളു ഭാഷ അറിയില്ല എന്നേ അർത്ഥമുള്ളു. നിങ്ങൾക്ക് മനസ്സിലാകുന്നില്ല എന്നു കരുതി തുളു എന്നൊരു ഭാഷ ലോകത്ത് നിലനിൽക്കുന്നില്ല എന്നൊന്നും പറഞ്ഞു കളയരുത്. തുളുനാടിനെ തന്നെ നിഷേധിക്കലായിരിക്കും അത്. നമുക്ക് മനസ്സിലാകാത്ത അനേകം ഭാഷകൾ ഈ ലോകത്ത് നിലനിൽക്കുകയും അനേകായിരങ്ങൾ ആ ഭാഷകളിലൂടെ ആശയവിനിമയം നടത്തുകയും ചെയ്യുന്നുണ്ട്. അറിയാത്ത ഭാഷകൾ ലോകത്ത് നിലനിൽക്കുന്നുണ്ട് എന്ന് അംഗീകരിക്കാനുള്ള മിനിമം വിനയമെങ്കിലും ഉണ്ടാകുക എന്നതാണ് പ്രധാനപ്പെട്ട കാര്യം.

# ശാസ്ത്രസാഹിത്യത്തിന്റെ രാസസൂത്രങ്ങൾ

തൃശൂരിലെ 'സദസ്സ് സാഹിത്യവേദി'യുടെ പ്രതിമാസ സംവാദ പരമ്പരയുടെ ഭാഗമായി അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' എന്ന നോവൽ ചർച്ച ചെയ്ത വേദിയിൽ പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ നടത്തിയ 'പ്രഭാഷണം' കേൾക്കാത്തവർക്കുവേണ്ടി...

**എസ്. നാരായണൻ**

കർണ്ണാടകയിലെ പല പ്രദേശങ്ങളിലും കേരളത്തിൽ കാസർകോട് ജില്ലയിലും തുളു സംസാരഭാഷയാണ്. മുകളിൽ വായിച്ചത്, അംബികാസുതൻ മാങ്ങാട് എഴുതിയ 'എൻമകജെ' എന്ന നോവലിൽ നിന്നും ഒരു ഭാഗമാണ്. എൻഡോസൾഫാൻ എന്ന മാരകകീടനാശിനി ഒരു ജനതയുടെ തലക്കുമുകളിലൂടെ -'തൊഴുത്തിൽ കെട്ടിയ പശുക്കൾ പോലെയുള്ള സാധുക്കൾ' എന്ന് നോവലിൽ-അവർ തന്നെ തെരഞ്ഞെടുത്ത് വാഴിച്ച ഭരണക്കൂടം ഹെലികോപ്ടറിൽ ഇരുപത്തിയഞ്ച് വർഷത്തോളം തുടർച്ചയായി വർഷിച്ചതിനെ പറ്റിയാണ് 'എൻമകജെ' പറയുന്നത്. ഈ വിഷവർഷത്തെ തുടർന്ന് കാസർകോട്ടും പരിസരപ്രദേശത്തുമുള്ള ആയിരക്കണക്കിന് പാവപ്പെട്ട മനുഷ്യർക്ക് സഹിക്കേണ്ട വന്ന സമാനതകളില്ലാത്ത ദുരിതത്തെപറ്റിയാണ് ഈ നോവലിൽ വിസ്തരിച്ച് വിവരിക്കുന്നത്. എൻഡോസൾഫാൻ ഇരകൾ നടത്തിയ ഒരു പൊതുയോഗത്തിൽ, തുളുഭാഷയിൽ നടത്തിയ സ്വാഗതപ്രസംഗം നോവലിൽ കൊടുത്തിരിക്കുന്നതാണ് നേരത്തെ ഉദ്ധരിച്ചത്.

തൃശൂരിൽ പ്രവർത്തിക്കുന്ന 'സദസ്സ് സാഹിത്യവേദി' അവരുടെ പ്രതിമാസ സംവാദ പരമ്പരയുടെ ഭാഗമായി കഴിഞ്ഞ ഏപ്രിൽ മാസത്തിൽ അവതരിപ്പിച്ച പുസ്തകം അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' ആയിരുന്നു. സംവാദം കേൾക്കാനെത്തിയവർ ഭാ



സദസ് സാഹിത്യവേദിയുടെ പ്രതിമാസ പരിപാടിയിൽ സി. രവീന്ദ്രനാഥ് എം.എൽ.എ സംസാരിക്കുന്നു.

ഗ്യവാൻമാരായിരുന്നു. തുളുപ്രസംഗത്തെ പോലെ മറ്റൊരു ഭാഷ അവർക്ക് നോവലിനെ പറ്റിയുള്ള ചർച്ചയിൽ കേൾക്കാൻ കഴിഞ്ഞു. ശാസ്ത്രഭാഷ എന്നൊരു ഭാഷയായിരുന്നു അത്. സംവാദത്തിൽ പ്രസംഗിക്കാൻ എത്തിയ, പുതുക്കാട് നിയോജക മണ്ഡലത്തിന്റെ ജനപ്രതിനിധിയായ പ്രൊഫസർ സി. രവീന്ദ്രനാഥ് എം.എൽ.എ ആണ്, അവിവേകികളും അജ്ഞാനികളും സർവ്വോപരി സാഹിത്യമൂഢരും ആയ പുസ്തകപരിഷകൾക്ക് ശാസ്ത്രഭാഷയിലൂടെ ശാസ്ത്രത്തിന്റെ ഔന്നത്യം വെളിപ്പെടുത്തിക്കൊടുത്തത്. എൻമകജെ, അംബികാസുതൻ, കാസർകോട് എന്നീ വാക്കുകൾ ഉപയോഗിക്കാതെ തന്നെ എൻഡോസൾഫാൻ എന്ന ആഗോളമുതലാളിത്ത ഉപകരണത്തിന്റെ ഒളിച്ചുകളി സദസ്സ്യരെ ബോധ്യപ്പെടുത്താൻ രവീന്ദ്രൻ മാഷിന് അനായാസം കഴിഞ്ഞു. നോവൽ വായിച്ചും പത്രമാദ്ധ്യമങ്ങളിലൂടെ അറിഞ്ഞും എൻഡോസൾഫാനെതിരെയുള്ള സമരങ്ങളിൽ പങ്കെടുത്തും ലഭിച്ച സാമാന്യ ധാരണകളുമായി എത്തിയവരുടെ മണ്ടക്കിട്ടു കിട്ടിയ പ്രഹരം തന്നെയായിരുന്നു മാഷിന്റെ ശാസ്ത്രീയ പരിപ്രേക്ഷ്യത്തോടെയുള്ള പ്രഭാഷണ പ്രക്ഷാളനം.

ജീവൽസാഹിത്യത്തെ പറ്റി ഇ.എം.എസിന്റെ പെരുമ്പാവൂർ പ്രസംഗം, രൂപഭദ്രതാവാദത്തെ പറ്റി മുണ്ടശ്ശേരി മാസ്റ്റർ സാഹിത്യപരിഷത്തിൽ നടത്തിയ പ്രസംഗം തുടങ്ങിയ ചരിത്രത്തിൽ ഇടം പിടിച്ച പ്രസംഗങ്ങളെപോലെ അത്യധികം മൂല്യമുള്ള, മലയാള സാഹിത്യത്തിന്റെ ഭാവിയിലേക്ക് ദിശാസൂചിയായി മാറിയേക്കാവുന്ന ഒരു പ്രസംഗം തന്നെയായിരുന്നു രവീന്ദ്രൻ മാഷ് നടത്തിയത്. എൻഡോസൾഫാൻ തന്മാത്രയെ പറ്റിയുള്ള, അതിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന മുതലാളിത്തം പോലുള്ള ശാസ്ത്രീയ-സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സാഹിത്യത്തിന് ശേഷിയുണ്ടോ എന്ന കാര്യത്തിലുള്ള സംശയവും അദ്ദേഹം അവിടെ ഉന്നയിക്കുകയുണ്ടായി.

എൻഡോസൾഫാൻ കാസർകോട് വിതച്ച ദുരിതങ്ങളെക്കുറിച്ച് സാധാരണക്കാർക്ക് സാഹിത്യകൃതികളിലൂടെയും മാധ്യമങ്ങളിലൂടെയും കിട്ടികൊണ്ടിരിക്കുന്ന അറിവുകൾ മാത്രമേയുള്ളു. അകത്തേക്ക് എടുക്കാൻ കഴിയാത്ത, കീഴ്ത്താടിക്ക് താഴോട്ട് തൂങ്ങിക്കിടക്കുന്ന ചുവന്നു തുടുത്ത നാവുമായി ജീവിക്കുന്ന ഭാഗ്യലക്ഷ്മി, ശരീരത്തേക്കാൾ വലിയ തലയും ചെറിയ കൈകാലുകളുമുള്ള വിചിത്രമായ ഉടലുകളുമായി കിടന്ന കിടപ്പിൽ കഴിയുന്ന കുട്ടികൾ, മാനസിക വിഭ്രാന്തിയുള്ള കുട്ടികളെ ചങ്ങലക്കിട്ട് പണിക്കുപോകുന്ന അമ്മമാർ, നീരാളിയുടേതുപോലെ നീണ്ടുമെലിഞ്ഞ കൈകാൽവിരലുകൾ ഉള്ളവർ, മലദ്വാരമില്ലാതെ പിറന്നുവീഴുന്നവർ, കണ്ണിൽ കൃഷ്ണമണിക്കു പകരം വെളുപ്പുനിറം മാത്രമുള്ളവർ, മച്ചിങ്ങ പോലുള്ള തലയും ചെമ്പിച്ച രോമങ്ങളുമായി കുരങ്ങനെ ഓർമ്മിപ്പിക്കുന്ന മനുഷ്യകുഞ്ഞുങ്ങൾ, ബുദ്ധിമാന്ദ്യമുള്ളവർ, വയറിനുപുറത്ത് മൂത്രസഞ്ചിയുമായി പിറന്നുവീണവർ..... ഇതൊക്കെയാണ് 'എൻമകജെ'യിലെ കാഴ്ചകൾ. മൂന്നു കാലുള്ള പശുക്കുട്ടികളും, മീനും പാമ്പും തവളയും ഇല്ലാത്ത നദികളുമുള്ള സ്ഥലം. ഒരു തേനീച്ച പോലുമില്ലാത്ത, മണ്ണിരകളില്ലാത്ത, കാക്കകളില്ലാത്ത 'എൻമകജെ'. ഈ ദുരിതജീവിതങ്ങളെ പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട നിരവധി അന്വേഷണ കമ്മീഷനുകൾ, ജനങ്ങളേക്കാൾ പ്രധാനപ്പെട്ടത് കാഷ്യൂനട്ട്സ് ആണെന്നും അതിലൂടെ രാജ്യത്തേക്കു വരുന്ന വിദേശ നാണ്യമാണ് വിലപ്പെട്ടതെന്നും അഭിപ്രായം രേഖപ്പെടുത്തി മടങ്ങുകയാണ് പതിവ്. അവിടെയെത്തുന്ന കമ്മീഷൻ അംഗങ്ങൾ ആരും തന്നെ അവിടെ നിന്ന് വെള്ളം കുടിക്കാനോ വെട്ടിക്കൊടുക്കുന്ന കരിക്ക് കുടിക്കാനോ ധൈര്യം കാണിക്കാറില്ല. നോവലിലെ ഒരു കഥാപാത്രം

പറയുന്നു. "കേരളത്തിലെ ഒരു കൃഷിമന്ത്രിയും എൻഡോസൾഫാനെതിരെ ഒരക്ഷരം ശബ്ദിക്കില്ല. ഏതു പാർട്ടി ഭരിച്ചാലും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥന്മാർ എൻഡോസൾഫാൻ കമ്പനിക്കൊപ്പമേ നിൽക്കൂ. സർക്കാർ നിയോഗിക്കുന്ന ഏത് അന്വേഷണ കമ്മീഷനും നമുക്കൊപ്പം നിൽക്കില്ല."

വിഷമഴ നിർത്തിവെച്ചിട്ട് പതിനഞ്ച് വർഷമായെങ്കിലും ദുരിതത്തിൽ പെട്ടുഴലുന്നവരോട് ഇടതെന്നോ വലതെന്നോ ഭേദമില്ലാതെ, മനുഷ്യപറ്റില്ലായ്മ കാണിച്ചുകൊണ്ടിരിക്കുന്ന ജനനേതാക്കളെ പറ്റി അംബികാസുതൻ ഈയിടെയും എഴുതിയിരുന്നു. അദ്ദേഹം പറയുന്നു. "...നിരവധി പേർ ഇന്ന് ലക്ഷക്കണക്കിനു രൂപയുടെ കടബാദ്ധ്യതയിലും ജപ്തിഭീഷണിയിലുമാണ്.. ചികിത്സക്കുവേണ്ടി ആശുപത്രികൾ കയറിയിറങ്ങിയതിന്റെ പേരിൽ കിടപ്പാടം നഷ്ടപ്പെട്ട, ജപ്തിഭീഷണിയിലായ, ആത്മഹത്യയുടെ വക്കിലെത്തിയ കുടുംബങ്ങളെ രക്ഷിക്കാൻ കഴിയും, മന്ത്രിമാർ സ്വന്തം വസതികൾ മോടിപിടിപ്പിച്ചതിന്റെ നാലിലൊന്ന് തുകയുണ്ടെങ്കിൽ! സമരം ചെയ്യുമ്പോൾ എല്ലാ കടങ്ങളും എഴുതി തള്ളുമെന്ന് കപടവാഗ്ദാനങ്ങൾ ഉണ്ടാകും. തുടർന്ന് നിയമങ്ങളുടെ ഓരോ നൂലാമാലകളുണ്ടാക്കി വാഗ്ദാനങ്ങളെ സ്വയം വിഴുങ്ങും. പിന്നെ എല്ലാം തഥൈവ!"


എൻഡോസൾഫാൻ ദുരന്തബാധിതനായ ഒൻപതു വയസ്സുള്ള കാർത്തിക്കിനെ, അവന്റെ കഠിന വേദന കണ്ടുനിൽക്കാനാകാതെ മാതാപിതാക്കൾ തന്നെ കാഞ്ഞങ്ങാട്ടെ ആശുപത്രിമുറിയിൽ വെച്ച് കൊലപ്പെടുത്തിയത് കഴിഞ്ഞ വർഷമാണെന്ന് അദ്ദേഹം എഴുതുന്നു. തുടർന്ന് മാതാപിതാക്കളായ തമ്പാനും പത്മിനിയും ആത്മഹത്യചെയ്യുകയായിരുന്നു. അവരുടെ മൂത്ത രണ്ടുമക്കളും ഇതേ രോഗപീഢയാൽ നേരത്തെ മരിച്ചു പോയതാണ്.

ഭരണകൂടം യന്ത്രപ്പക്ഷിയുടെ സഹായത്തോടെ ആകാശത്തുനിന്നും നടത്തിയ വിഷപ്രയോഗത്തിന്റെ ദുരിതഫലവുമായി പിറന്ന കുഞ്ഞിന്റെ വേദന കണ്ട് സഹിക്കാനാകാതെ, ജന്മം കൊടുത്തവർ തന്നെ കഴുത്തുഞെരിച്ച് കൊലപ്പെടുത്തുകയും സ്വയം മരണത്തെ വരിക്കുകയും ചെയ്യേണ്ടിവരുന്ന ഒരവസ്ഥ എന്തുകൊണ്ട് സംഭവിക്കുന്നു? കൃത്യം അഞ്ചുകൊല്ലം കൂടുമ്പോൾ ഇടതുകൂടം എന്നും വലതുകൂടം എന്നും മാറിമാറി വിളിക്കപ്പെടുന്ന എടാകൂടങ്ങളൊന്നും തങ്ങളെ ഗൗനിക്കില്ല എന്ന് മനസ്സിലായതുകൊണ്ടല്ലേ പത്മിനിയും തമ്പാനും കാർത്തിക്കും ഇത്തരത്തിൽ അവസാനിച്ചത്? ഇതെല്ലാം വായിച്ച് കണ്ണിൽ നനവ് വരുന്നത് സാധാരണ മനുഷ്യർക്കും സാഹിത്യമൂഢന്മാർക്കുമാണ്. ഇത്തരം ക്ലീഷേകളിൽ സാഹിത്യകാരന്മാർക്കുള്ള താത്പര്യം ശാസ്ത്രകാരന്മാർക്ക് ഉണ്ടാകണമെന്നില്ല. ഒരു ശാസ്ത്ര പ്രതിഭ ഒരിക്കലും അത്തരത്തിലല്ല പ്രതികരിക്കുക. ശാസ്ത്രത്തിന് വികാരമില്ലെന്ന് പ്രൊഫസർ രവീന്ദ്രനാഥിന് നന്നായറിയാം. രോഗിയുടെ വേദന കണ്ട് ഡോക്ടർ കരഞ്ഞുപോയാലത്തെ സ്ഥിതിയെന്താണ്! അതുകൊണ്ടാണ് അദ്ദേഹം പ്രൊഫസറോചിതമായി വിഷയത്തിൽ ഇടപ്പെട്ടുകൊണ്ട് ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പ്രസംഗിച്ചത്. അദ്ദേഹം ചോദിച്ചു:

"എന്താണ് ഇതിന്റെ പ്രശ്നം? എന്താണ് ഇതിന്റെ ആഘാതം? ഇവിടെയിരിക്കുന്ന എത്ര പേർക്കറിയാം എന്താണ് എൻഡോസൾഫാൻ തന്മാത്ര എന്നാൽ? അത് നമ്മുടെ ശരീരത്തിൽ എങ്ങിനെയാണ് പ്രവർത്തിക്കുന്നത്? എന്താണ് അത് മണ്ണിൽ ഏല്പിക്കുന്ന ആഘാതം? ഇതൊക്കെ അറിയാമോ? നമ്മൾ ഒരുപാട് ഒരുപാട് എൻഡോസൾഫാനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെ പറ്റി പറഞ്ഞിട്ടുണ്ടോ? അത് മണ്ണിൽ സൃഷ്ടിക്കുന്ന ഒരുപാട് ആഘാതങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ? എൻഡോസൾഫാൻ എന്നു പറയുന്ന തന്മാത്ര അതിന് രാസരീതിയിൽ നമ്മൾ പറയുക P.O.P എന്നാണ്. അത് പെർസിസ്റ്റന്റ് ഓർഗാനിക് പൊല്യൂറ്റന്റ് എന്നാണ്. വർഷങ്ങളായി എൻഡോസൾഫാൻ ഉപയോഗിച്ചിട്ടും ഇന്നും അതിന്റെ പ്രത്യാഘാതങ്ങൾ സമൂഹത്തിൽ കാണുന്നത് എന്തുകൊണ്ടാണ്? പെർസിസ്റ്റന്റ് ഓർഗാനിക് പൊല്യൂറ്റന്റ് എന്നത്

ഇത്തരം ക്ലീഷേകളിൽ സാഹിത്യകാരന്മാർക്കുള്ള താത്പര്യം ശാസ്ത്രകാരന്മാർക്ക് ഉണ്ടാകണമെന്നില്ല. ഒരു ശാസ്ത്ര പ്രതിഭ ഒരിക്കലും അത്തരത്തിലല്ല പ്രതികരിക്കുക. ശാസ്ത്രത്തിന് വികാരമില്ലെന്ന് പ്രൊഫസർ രവീന്ദ്രനാഥിന് നന്നായറിയാം. രോഗിയുടെ വേദന കണ്ട് ഡോക്ടർ കരഞ്ഞുപോയാലത്തെ സ്ഥിതിയെന്താണ്! അതുകൊണ്ടാണ് അദ്ദേഹം പ്രൊഫസറോചിതമായി വിഷയത്തിൽ ഇടപെട്ടുകൊണ്ട് ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പ്രസംഗിച്ചത്.

*⇨ എൻഡോസൾഫാൻ തന്മാത്രയെയും മുതലാളിത്തത്തിന്റെ തന്മാത്രയേയും വിശദീകരിച്ചതിനുശേഷം മാഷ് പറഞ്ഞു ⇨*




രാസകീടനാശിനികളിൽ ഏറ്റവും കൂടുതൽ ജീവികളെ, മണ്ണിനെ നശിപ്പിക്കുന്ന തന്മാത്രകളാണ്. അതിന്റെ പ്രത്യേകത ആ തന്മാത്ര ഒരിക്കൽ സൃഷ്ടിക്കപ്പെട്ടാൽ അത് നശിക്കില്ല. അതാണ് പെർസിസ്റ്റന്റ് ഓർഗാനിക് പൊല്യൂറ്റന്റ് ആയിട്ടുള്ള എൻഡോസൾഫാൻ.

പെർസിസ്റ്റന്റ് ഓർഗാനിക് പൊല്യൂറ്റന്റ് ആയിട്ടുള്ള തന്മാത്ര നമ്മുടെ ശരീരത്തിനകത്തേക്ക് കടന്നാൽ ആ തന്മാത്ര നമ്മുടെ സെല്ലുകളിലെത്തുകയും പൂർണ്ണമായിട്ടും ആ സെല്ലുകളിലുള്ള എല്ലാ ജൈവപ്രക്രിയയിലും ഇടപെടുകയും ആ ജൈവപ്രക്രിയ എല്ലാം താറുമാറാക്കുകയും ആ സെല്ലുകളെ എല്ലാം നശിപ്പിക്കുകയും അതിനുശേഷം അതേ തന്മാത്ര ഒരു തകരാറുമില്ലാതെ, ഒരു ക്ഷതവുമില്ലാതെ വിസർജ്ജ്യത്തിലൂടെ പുറത്തുപോവുകയും അത് വീണ്ടും ഈ ഭൂമിയിൽ മറ്റുള്ളവരെ എന്നെന്നും നശിപ്പിക്കുന്ന തന്മാത്രയായി നിൽക്കുകയും ചെയ്യും. ഭീകരമായിട്ടുള്ള ഒരവസ്ഥ. അങ്ങിനെ ഓരോ സെല്ലിനേയും നശിപ്പിക്കുന്ന തന്മാത്ര ഈ സമൂഹത്തിലെ മുഴുവൻ സെല്ലുകളിലേക്കും കടന്നു കയറാൻ പ്രാപ്തമാണ്. മനുഷ്യന്റെ സെല്ലുകളെ മാത്രമല്ല മണ്ണിനേയും നശിപ്പിക്കുന്നു ഈ തന്മാത്ര എന്നുള്ളത് ഒരു പക്ഷേ അത്രയധികം പ്രചരിപ്പിക്കപ്പെട്ടിട്ടേയില്ല...”

അതെ, മാഷിന്റെ പ്രഭാഷണത്തിൽ നിന്ന് എൻഡോസൾഫാനെ പറ്റിയും അതിന്റെ തന്മാത്രയെ പറ്റിയും അതിന്റെ ഇടപെടലിനെ പറ്റിയും നാം ശാസ്ത്രീയമായി മനസ്സിലാക്കിക്കഴിഞ്ഞു. ഇനി പ്രസക്തമായ ചോദ്യം ആരാണ് ഈ തന്മാത്രയെ ഇറക്കിവിട്ടത് എന്നതാണ്. അതും പ്രൊഫസർ തന്നെ പറയും: “മുതലാളിത്തം! എൻഡോസൾഫാൻ മുതലാളിത്തത്തിന്റെ ചൂഷണ ഉപകരണമാണ്! ഇത് മുതലാളിത്തം ഉപയോഗിക്കുന്ന ഒരു ആയുധമാണ്. ചൂഷണരഹിതമായ ഒരു സമൂഹത്തേക്കുറിച്ചുള്ള സങ്കല്പമുണ്ടെങ്കിലേ മുതലാളിത്തത്തിനെതിരെയുള്ള ശബ്ദങ്ങൾ ഈ ഭൂമിയിൽ നിലനിൽക്കുകയുള്ളൂ. ചൂഷണത്തിനെതിരായുള്ള ശബ്ദങ്ങളെയെല്ലാം എതിരായി കാണിച്ചുകൊണ്ടും മോശമായി ചിത്രീകരിച്ചുകൊണ്ടും മുതലാളിത്തത്തിന്റെ ഈ അപകടകരമായ എൻഡോസൾഫാൻ പ്രശ്നത്തെ പ്രതിരോധിക്കാം എന്ന് ആരും കരുതേണ്ട. എനിക്ക് അങ്ങിനെ ഒരഭിപ്രായം ല്ല്യ. അതുകൊണ്ട് ചൂഷണരഹിതമായ ഒരു സമൂഹത്തിനായുള്ള സ്വപ്നം മനസ്സിൽ വെച്ചുകൊണ്ടു മാത്രമേ ഈ അപകടകരമായ തന്മാത്രയെ, മുതലാളിത്തത്തിന്റെ ഒരു ഉപകരണത്തെ നമുക്ക് പ്രതിരോധിക്കാൻ കഴിയുകയുള്ളൂ. അതിന് ഒരു സംശയവും വേണ്ട.”

എൻഡോസൾഫാൻ എന്ന കാര്യത്തേയും മുതലാളിത്തം എന്ന കാരണത്തേയും മാഷ് അവതരിപ്പിച്ചതിനു ശേഷം സാഹിത്യത്തിന്റെ ശേഷിക്കുറവിനെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്. “ശാസ്ത്രീയമായ ഒരവബോധം നൽകാൻ പലപ്പോഴും സാഹിത്യസൃഷ്ടികൾക്ക് കഴിയുന്നില്ല എന്ന ഒരു പരിമിതിയുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. വൈകാരികമായ ഒരു തലത്തിൽ നിന്ന് അത് ഉണ്ടാക്കുന്ന പ്രശ്നങ്ങളെ കാല്പനികമായും ദാർശനികമായും ഒക്കെ അവതരിപ്പിക്കുന്നുണ്ട്. പക്ഷേ അത് എത്ര കണ്ട് ശാസ്ത്രീയമായി ജനങ്ങളിലെത്തിക്കുന്നു എന്നുള്ളത് സംശയം ജനിപ്പിക്കുന്നതാണ്. എല്ലാം അങ്ങനെയാണ് എന്ന് ഞാൻ പറയുന്നില്ല. എൻഡോസൾഫാൻ തന്മാത്ര മനുഷ്യന്റെ സെല്ലുകളിലും ഇതര ജീവികളുടെ സെല്ലുകളിലും മണ്ണിലും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ, അങ്ങനെയുള്ള പ്രശ്ന സൃഷ്ടികളിലൂടെ മുതലാളിത്തം എന്താണ് ഉദ്ദേശിക്കുന്നത് എന്നുള്ളത് കൃത്യമായി ജനങ്ങളിലേക്കെത്തിക്കുവാൻ സാഹിത്യ സൃഷ്ടികൾക്ക് കഴിഞ്ഞിട്ടില്ല എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ”

സാഹിത്യകൃതികളിൽ എന്തൊക്കെയാണ് ഉൾപ്പെടുത്തേണ്ടത് എന്ന് സംശയിക്കുന്നവർക്ക് പ്രൊഫസർ വ്യക്തമായ ദിശാബോധം തന്നെ നൽകി. എന്തിന്, പ്ലോട്ടും കഥാപാത്രവും വരെ വിവരിച്ച് കൊടുത്തു. അദ്ദേഹം സാഹിത്യകാരന്മാരുടെ കൈപിടിച്ച് എഴുതിച്ചില്ല എന്നേയുള്ളൂ. പെർസിസ്റ്റന്റ് ഓർഗാനിക് പൊല്യൂറ്റന്റും മുതലാളിത്തവും കൂടി കാസർകോട്ടെ കശുമാവിൻ തോട്ടത്തിൽ മരംചുറ്റി പ്രേമത്തിൽ ഏർപ്പെടുന്നതും P.O.P പ്രെഗ്നന്റാകുന്നതും വിവരമില്ലാത്തവനും വികാരജീവിയുമായ പരിസ്ഥിതി പ്രവർത്തകൻ P.O.Pയെ പിഴപ്പിച്ചതിന്റെ ഉത്തരവാദിത്തം സംസ്ഥാനം ഭരിച്ച സർക്കാറുകളുടെ തലയിൽ കെട്ടിവയ്ക്കുന്നതും ശാസ്ത്രം വന്ന് DNA ടെസ്റ്റ് നടത്തുന്നതും മുതലാളിത്തത്തെ വിലങ്ങണിയിക്കുന്നതുമൊക്കെയുള്ള ഒരു ത്രില്ലർ ഏതെങ്കിലും പു.ക.സക്കാരൻ ഈ പ്രഭാഷണത്തിന്റെ വെളിച്ചത്തിൽ എഴുതിക്കൂടായ്കയില്ല. മലയാള സാഹിത്യം ഈ ഉപദേശങ്ങളുടെ ഫലം വരും കാലങ്ങളിൽ കൊയ്തെടുക്കും എന്നുള്ളത് വ്യക്തമാണ്. എൻഡോസൾഫാൻ ത

ന്മാത്രയെയും മുതലാളിത്തത്തിന്റെ തന്മാത്രയേയും വിശദീകരിച്ചതിനുശേഷം മാഷ് പറഞ്ഞു. "ഇവിടെ ഇരിക്കുന്നവർക്കുപോലും ഇത്തരം ആശയം ഇതുവരെയുള്ള സാഹിത്യപരിചയത്തിലൂടെയോ നോവലിലൂടെയോ കിട്ടിയിട്ടുണ്ടോ എന്നുള്ളത് സംശയമാണ്. ഇവിടെ കേന്ദ്രകഥാപാത്രം എന്നു പറയുന്നത് ഒരു തന്മാത്രയാണ്. ആ തന്മാത്ര ഉണ്ടാക്കുന്ന ഇംപാക്ട് ജീവിതത്തിന്റെ ഒരു മേഖലയിൽ മാത്രമല്ല സമസ്ത മേഖലകളിലുമാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളേയും നശിപ്പിച്ചുകൊണ്ട് മുതലാളിത്തത്തിന് എങ്ങിനെ മുന്നേറാൻ കഴിയുന്നു എന്നുള്ള ഡോസൾഫാൻ എന്ന തന്മാത്ര എങ്ങനെ ആകുന്നുവെന്നുള്ളത് യഥാർത്ഥത്തിലൊരു നല്ല കഥാ വിഷയമാണ്. പ്രകൃതിയുടെ ഇക്വിലിബ്രിയത്തെ തകർക്കുന്ന തന്മാത്രയെ കേന്ദ്രകഥാപാത്രമാക്കി ജീവിതത്തിന്റെ സമസ്തമേഖലകളേയും ജീവനുള്ള മണ്ണിനേയും നശിപ്പിക്കുന്ന പ്രതി എന്ന നിലയിൽ പ്രതിസ്ഥാനത്തു നിർത്തിക്കൊണ്ടുള്ള ഒരു സാഹിത്യകൃതി ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്."

എൻഡോസൾഫാൻ കാസർകോട്ട് ജില്ലയിലുണ്ടാക്കിയ തീരാദുരിതത്തെ അവതരിപ്പിക്കുന്ന ഒരു നോവലിനെക്കുറിച്ച് അത് എഴുതിയ ആളുടെ സാന്നിദ്ധ്യത്തിൽ തൃശൂരി



ത് മറ്റൊരു സാമ്പത്തിക ശാസ്ത്ര ചോദ്യമാണ്. പ്രകൃതിയുടെ ഇക്വിലിബ്രിയത്തെ തകർക്കുന്നതിലേക്ക് മനുഷ്യരാശിയെകൊണ്ടു പോകുന്നത് മുതലാളിത്തമാണ്. ആ മുതലാളിത്തത്തിന്റെ ഉപകരണങ്ങളിലൊന്നാണ് എൻഡോസൾഫാൻ തന്മാത്ര. അതുകൊണ്ട് ദുരന്തം സൃഷ്ടിക്കുന്ന ഈ തന്മാത്ര കേന്ദ്രകഥാപാത്രമായിട്ട് ഈ സമൂഹത്തിന്റെ മുഴുവൻ മനസ്സുകളിലും നിറഞ്ഞ് നിറഞ്ഞ് നിൽക്കേണ്ടതാണ്. ഈ ഭൂമിയിൽ നിന്ന് മനുഷ്യൻ എന്ന സ്പീഷീസ് അപ്രത്യക്ഷമായാൽ ഈ ഭൂമിയിൽ ഒരു സ്പീഷിസിനും ഒന്നും സംഭവിക്കില്ല. പക്ഷേ, ഈ ഭൂമിയിൽ നിന്ന് മനുഷ്യനല്ലാതെ ഏതെങ്കിലും ഒരു സ്പീഷീസ് അപ്രത്യക്ഷമായാൽ അതേറ്റവും ഗുരുതരമായി ബാധിക്കുന്നത് മനുഷ്യനെയായിരിക്കും. ഈയൊരു ആശയത്തിൽ എൻ ലെ പ്രമുഖ സാഹിത്യസംഘടന നടത്തുന്ന സംവാദത്തിൽ പങ്കെടുത്ത് പ്രസംഗിക്കുന്ന ഒരു ജനപ്രതിനിധികൂടിയായ രാഷ്ട്രീയ-സാമ്പത്തിക-വിദ്യാഭ്യാസ വിചക്ഷണൻ, ആ നോവലിന്റെയോ എഴുത്തുകാരന്റെയോ പേര് ഉച്ചരിച്ചിക്കാതെ, എന്തിന് കാസർകോട് എന്ന വാക്ക് അബദ്ധത്തിൽ പോലും വായിൽനിന്ന് വരാതെയാണ് തന്റെ നീണ്ട പ്രസംഗം അവസാനിപ്പിച്ചത് എന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? പക്ഷേ വിശ്വസിച്ചേ തീരു. ഒരു സാഹിത്യസദസ്സിൽ വന്നു നിന്ന് എൻഡോസൾഫാൻ എന്ന തന്മാത്രയെക്കുറിച്ച് പഠിച്ച് സവിസ്തരം അവതരിപ്പിക്കാനുള്ള ശേഷിയും ധീരതയും പ്രൊഫസർ രവീന്ദ്രനാഥിനെപോലെ വേറെ ആർക്കാണുള്ളത്? അംബികാസുതൻ മാങ്ങാട് തന്റെ മറുപടി പ്രസംഗത്തിൽ രവീന്ദ്രൻ മാഷി

➪ റഷ്യയിൽ മഴ പെയ്തപ്പോൾ ഇവിടെ കുടപിടിച്ച പണ്ടത്തെ ഏർപ്പാട് തന്നെയാണത്രെ ഇതും ➪

നെ ഇരുത്തിക്കൊണ്ടുതന്നെ 'സാറ് എന്റെ നോവൽ വായിച്ചിട്ടില്ലെന്ന് എനിക്ക് മനസ്സിലായി' എന്ന് പറഞ്ഞപ്പോഴും ധീരമായി തന്നെയാണ് മാഷ് അത് കേട്ടത്. വിഷയത്തിന്റെ അടിവേരു തേടി പോകാനും അത് വലിച്ച് പുറത്തിടാനും കഴിവുള്ള, ശാസ്ത്രാവബോധവും, സാഹിത്യ പരിജ്ഞാനവും ജനകീയബന്ധങ്ങളുമുള്ള പ്രൊഫസറുടെമാതിരി ആളുകൾ കുറഞ്ഞുവരുന്നു എന്നുള്ളതിലാണ് നാം ഉത്കണ്ഠപ്പെടേണ്ടത്.

ഇത്രയും മികച്ച ഒരു പ്രസംഗത്തെ വിമർശിക്കാൻ വരെ അവിടെ ആളുകളുണ്ടായി എന്നത് നമ്മുടെ നാടിന്റെ ദുര്യോഗത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. വിഷമഴയിൽ ഒരു ജനത നരകിച്ചുകൊണ്ടിരുന്നപ്പോൾ വിഷം തളിക്കുന്ന തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ വേണ്ടി വാദിച്ചവർ ഇപ്പോൾ തന്മാത്രയേയും മുതലാളിത്തത്തെയും പഴിചാരുന്നതിൽ കാപട്യമുണ്ടെന്ന് പറഞ്ഞ് വിമർശകർ മാഷിനെ കുറ്റപ്പെടുത്തുന്നത് കേട്ടു. വിഷമഴയിൽ കുടകാണിക്കാത്തവർ മഴ തോർന്നപ്പോൾ P.O.P കുടപിടിക്കുന്നതിനെ അവർ പരിഹസിക്കുന്നു. റഷ്യയിൽ മഴ പെയ്തപ്പോൾ ഇവിടെ കുടപിടിച്ച പണ്ടത്തെ ഏർപ്പാട് തന്നെയാണത്രെ ഇതും. ഇത്തരം ശാസ്ത്രപ്രതിഭകളോ ജനപ്രതിനിധികളോ ഇടപെട്ടിട്ടല്ല, ഏതാനും എഴുത്തുകാരും ക്യാമറക്കാരും പരിസ്ഥിതി പ്രവർത്തകരും ഏറ്റെടുത്തതുകൊണ്ട് മാത്രമാണ് എൻഡോസൾഫാൻ പ്രശ്നം പുറംലോകം അറിഞ്ഞത് എന്നൊക്കെയുള്ള വിവരക്കേടുകളാണ് അവർ എഴുന്നെള്ളിക്കുന്നത്. വിയറ്റ്നാമിലെ ജനതയെ കൊന്നൊടുക്കാൻ വേണ്ടി അമേരിക്കൻ ഭരണകൂടം രാസവിഷം പ്രയോഗിച്ചതിനെ പറ്റിയോ യൂണിയൻ കാർബൈഡ് വാതകചോർച്ചയെ തുടർന്ന് ഭോപ്പാലിൽ ആയിരങ്ങൾ മരിച്ചുവീണതിനെ പറ്റിയോ നടത്തുന്ന പ്രസംഗത്തിൽ പ്രൊഫസർ അതിന്റെ തന്മാത്രയെ പറ്റിയാകുമോ പ്രസംഗിക്കുക എന്നാണ് ചിലർ ചോദിക്കുന്നത്. ഹിരോഷിമ-നാഗസാക്കി ദിനം ആചരിക്കുമ്പോൾ പ്രൊഫസർ ഒരിക്കലും ഐൻസ്റ്റീന്റെ $E=mc^2$ എന്ന ഫോർമുലയെക്കുറിച്ച് പറഞ്ഞിട്ടില്ലെന്ന് അവർ ആണയിട്ട് പറയുന്നു. അവിടെയൊക്കെ ദുരന്തത്തിന്റെ ഉത്തരവാദിത്തം അമേരിക്കൻ ഭരണകൂടത്തിനും കേന്ദ്രഗവൺമെന്റിനും കൃത്യമായി ചാർത്തിക്കൊടുത്തിട്ടുണ്ട്. വിയറ്റ്നാമിലും ജപ്പാനിലും രാസവിഷവും അണുബോംബും പ്രയോഗിക്കുന്ന കാലത്ത് അമേരിക്കൻ സെനറ്റിൽ തന്റെ കക്ഷിയുടെ പ്രതിനിധിയുണ്ടായിരുന്നെങ്കിൽ രവീന്ദ്രൻ മാഷ് അതിലെ തന്മാത്രയേയും ഫോർമുലയേയും കീറിമുറിച്ചുകൊണ്ടുള്ള പ്രഭാഷണ കോലാഹലങ്ങൾ കേരളത്തിലുടനീളം നടത്തുമായിരുന്നു എന്ന കാര്യത്തിൽ വിമർശകർക്ക് സംശയമേയില്ല. എൻഡോസൾഫാൻ ഇരകളെക്കുറിച്ച് പറയേണ്ടിവന്നാൽ, അവിടെ ഭരിച്ചുകൊണ്ടിരുന്നവരെ സൂചിപ്പിക്കേണ്ടിവരും, അപ്പോൾ തന്റെ കക്ഷിയുടെ പങ്കുകൂടി പുറത്തുചാടും എന്നതുകൊണ്ടാണ് പോലും അദ്ദേഹം ഇരകളെ ഒഴിവാക്കി വേട്ടക്കാരന്റെ തറവാട്ടുദോഷത്തെയും ജനിതക ദോഷത്തെയും കുറ്റപ്പെടുത്തുന്നത്!

പുസ്തകം വായിച്ച് ചർച്ച കേൾക്കാൻ സ്ഥിരമായി എത്തുന്ന ഒരാൾ വരാന്തയിൽ വച്ച് നോവലിന്റെ ഒരുഭാഗം കാണിച്ചുതന്നു. ഭൂമിയിലെ ഏറ്റവും ക്രൂരനായ മൃഗത്തെപ്പറ്റിയുള്ള നോവലിലെ ഒരു പരാമർശമായിരുന്നു അത്: '....ഒരു വലിയ കണ്ണാടി. ആർക്കും ചെന്നുകാണാം കണ്ണാടിയിൽ. ലോകത്തിലെ ഏറ്റവും ദയാരഹിതനായ മൃഗത്തെ...ശാസ്ത്രമാണ് അവന്റെ കൈയിലെ ആയുധം. സ്വാർത്ഥതയാണ് അവന്റെ നെറ്റിക്കുറി...'

**വാൽക്കഷണം:** വായിൽ കിടക്കുന്ന നാവിനെ ചാട്ടുളിയായും ചൂണ്ടയായും ഉറുമിയായും ഉപയോഗിക്കുന്നതിന് ശാസ്ത്രവിദ്യാഭ്യാസം വേണമെന്ന് നിർബന്ധമൊന്നുമില്ല. അതിന് ജന്മനാലുള്ള പ്രതിഭാവിശേഷം മാത്രം മതിയെന്നാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഈയിടെ പത്രപ്രതിനിധികളോട് പറഞ്ഞ മറുപടി തെളിയിക്കുന്നത്. കടകംപള്ളി ഭൂമിത്തട്ടിപ്പുകേസിൽ മുഖ്യമന്ത്രിയുടെ ഗൺമാൻ സലിംരാജ്, ഗൺമാൻ എന്ന പദവി ഉപയോഗിച്ച് അധികാരം ദുർവിനിയോഗം നടത്തിയെന്നും തട്ടിപ്പിൽ നേരിട്ട് ഇടപെട്ടെന്നും അതിന്റെ ഇടപാടുകൾ ഉറപ്പിക്കുന്നതിന് സർക്കാർ മന്ദിരങ്ങൾ ഉപയോഗിച്ചെന്നും തെളിഞ്ഞതിനെത്തുടർന്ന് സി.ബി.ഐ അയാളെ അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ടായിരുന്നു പത്രക്കാരുടെ ചോദ്യം. അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ ഈ അറസ്റ്റ് യു.ഡി.എഫിന് പ്രതികൂലമായി ബാധിക്കുമോ എന്ന ചോദ്യത്തിന് ഉമ്മൻചാണ്ടി കൊടുത്ത മറുപടിയോളം പ്രതിഭാസ്പർശമുള്ള വാചകം ലോകത്തിലെ ഒരു ക്ലാസ്സിക് കൃതികളിൽ നിന്നും ലഭിക്കില്ല. മുഖ്യമന്ത്രി പറഞ്ഞു.

"ജനങ്ങളെ കബളിപ്പിക്കാൻ ആരുവിചാരിച്ചാലും സാധിക്കില്ല...." ■